**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 599 — 26.04.2017 -ൽ മറുപടിക്ക്

## ടൂറിസം മേഖലയെ പ്രോൽസാഹിപ്പിക്കുന്നതിനുള്ള നടപടികൾ

ചോദ്യം

ശ്രീ. എം. രാജഗോപാലൻ
ശ്രീ. എം. മുകേഷ്
ശ്രീ. കെ.ഡി. പ്രസേനൻ
ശ്രീ. ഒ.ആർ. കേളു

ഉത്തരം

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

എ) ടൂറിസം മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി സർക്കാർ നടത്തുന്ന ഇടപെടലുകൾ എന്തൊക്കെയാണ്;

എ) ടൂറിസം മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി ചുവടെ ചേർക്കുന്ന കാര്യങ്ങൾ നടപ്പാക്കി വരുന്നു.

- ടൂറിസം മേഖലയിലുള്ള സ്ഥാപനങ്ങളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനായി ക്ലാസിഫിക്കേഷൻ സ്കീമുകൾ നടപ്പാക്കി വരുന്നു.
- ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും ആളുകളെയും പ്രോൽസാഹിപ്പിക്കുന്നതിനായി ടൂറിസം അവാർഡുകൾ നൽകി വരുന്നു.
- ടൂറിസം മേഖലയിലുള്ള സംരംഭകരുടെ ഉൽപ്പന്നങ്ങൾ കേരളത്തിനകത്തും പുറത്തും വിപണനം ചെയ്യുന്നതിനായി കേരള ടൂറിസത്തിന്റെ സഹകരണത്തോടെ കേരള ട്രാവൽ മാർട്ട് സംഘടിപ്പിച്ചു വരുന്നു.
- വിദേശ-സ്വദേശ സഞ്ചാരികളെ ആകർഷിക്കുന്നതിനായി കേരള ടൂറിസത്തിന്റെ സഹകരണത്തോടെ കൊച്ചി ബിനാലെ രണ്ട് വർഷത്തിലൊരിക്കൽ സംഘടിപ്പിച്ചു വരുന്നു.
- കേരളത്തിന്റെ ടൂറിസത്തിന്റെ വിപണി ശക്തിപ്പെടുത്തുന്നതിനായി ഇന്ത്യക്കകത്തും വിദേശ രാജ്യ

ങ്ങളിലും ട്രേഡ് ഫെയറുകളും റോഡ് ഷോകളും സംഘടിപ്പിച്ചു വരുന്നു.

- ഓഫ് സീസണുകളിൽ വിനോദസഞ്ചാരികളുടെ വരവ് കുറയാതിരിക്കുന്നതിനായി ഓഫ് സീസൺ ക്യാംപെയിനുകൾ സംഘടിപ്പിച്ചു വരുന്നു.
- നവ മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ ടൂറിസം സാധ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.
- കേരള ബ്ലോഗ് എക്സ്പ്രസ് പോലുള്ള നവീന മാർക്കറ്റിംഗ് തന്ത്രങ്ങൾ നടപ്പാക്കി വരുന്നു.
- മുസിരിസ്, സ്പൈസ് റൂട്ട് എന്നിവയെ മുൻനിർത്തി ടൂറിസം സാധ്യതകൾ വർദ്ധിപ്പിച്ചു വരുന്നു.

| | | | |
|---|---|---|---|
| ബി) | ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2015 ലെ ടൂറിസം സാറ്റലൈറ്റ് അക്കൗണ്ട് റിപ്പോർട്ടിലെ പ്രധാന നിഗമനങ്ങളും നിർദ്ദേശങ്ങളും സർക്കാർ പരിശോധി ച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | ബി) | ഈ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) | വിനോദ സഞ്ചാര മേഖലയിൽ നൂതന ഉത്പന്ന-വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുന്ന തിനും ഇതിനായി പരമ്പരാഗത രീതിയോടൊപ്പം വിവര സാങ്കതിക വിദ്യ പ്രയോജന പ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | സി) | വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി ടൂറിസം വികസനം സാധ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ